"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ജലവിഭവ വകുപ്പ് - CWSS to Chenneerkkara & Omalloor Panchayaths including Supplying and laying 450mm DI K9 Raw water pumping main from Well cum pump houses to WTP, supply & erection of 630 KVA transformer, VT pump sets and Road Restoration എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ - ബി) വകുപ്പ്**

G.O.(Ms)No.44/2025/WRD    തീയതി,തിരുവനന്തപുരം, 09-06-2025

---

പരാമർശം:-
1. ജി.ഒ.(പി) നം. 16/2017/ഫിൻ തീയതി 06.02.2017.
2. ജി.ഒ.(ആർ.റ്റി) നം. 134/2022/ഡബ്ല്യു.ആർ.ഡി തീയതി 23.02.2022.
3. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 22.10.2024 തീയതിയിലെ KWA-JB/7270/2024-AEE7 നമ്പർ കത്ത്.

**ഉത്തരവ്**

CWSS to Chenneerkkara & Omalloor Panchayaths including Supplying and laying 450mm DI K9 Raw water pumping main from Well cum pump houses to WTP, supply & erection of 630 KVA transformer, VT pump sets and Road Restoration എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട പദ്ധതിയ്ക്ക് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകിയിരുന്നു . പ്രസ്തുത പ്രവൃത്തിക്ക് 30.06.2023 തീയതിയിൽ കേരള വാട്ടർ അതോറിറ്റി സാങ്കേതിക അനുമതി നൽകുകയും, പി.എച്ച് സർക്കിൾ, തിരുവല്ലയിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് 10,73,89,904/- രൂപ Tendered PAC ആയി ദർഘാസ് ക്ഷണിക്കുകയും ചെയ്തു.

2) ദർഘാസിലും തുടർന്നുള്ള പുന:ദർഘാസിലും ആരും പങ്കെടുക്കാത്തതിനാൽ ദർഘാസ് റദ്ദാക്കി. തുടർന്ന് എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുകയും പുതുക്കിയ സാങ്കേതിക അനുമതി 30.06.2024 ന് 1262.700 ലക്ഷം രൂപയ്ക്ക് നൽകുകയും ചെയ്തു. തുടർന്ന് Tendered PAC 10,28,30,797/- രൂപയ്ക്ക് (18% ജിഎസ്ടി ഒഴികെ ) പി.എച്ച് സർക്കിൾ, തിരുവല്ലയിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് 20.02.2024 അവസാന തീയതിയായി ദർഘാസ് ക്ഷണിച്ചു. അതിൽ ആരും പങ്കെടുക്കാത്തതിനാൽ ദർഘാസ് റദ്ദാക്കുകയും, പുന:ദർഘാസ് ക്ഷണിക്കുകയും ചെയ്തു.

3) പുന:ദർഘാസിൽ ശ്രീ. ബിജു അഗസ്റ്റിൻ, കുമ്പുക്കൽ ഹൗസ്, വണ്ണാപുരം പി.ഒ, തൊടുപുഴ 685607 (Sri. Biju Augustine, Kumbuckal House, Vannapuram P.O, Thodupuzha 685 607) എന്ന കരാറുകാരനിൽ നിന്നും ഒരു ഓഫർ ലഭിച്ചു. കരാറുകാരൻ ക്വാട്ട് ചെയ്ത 13,33,62,974/- രൂപ TPAC-യെക്കാൾ 29.69 % അധികരിച്ചതായിരുന്നവെന്നും, ക്വാട്ട് ചെയ്ത ഉയർന്ന തുക കുറയ്ക്കുന്നതിന് കരാറുകാരനുമായി negotiation നടത്തിയെങ്കിലും ക്വാട്ട് ചെയ്ത തുക കുറയ്ക്കുന്നതിന് കരാറുകാരൻ തയ്യാറായില്ലായെന്നും പരാമർശം (3) പ്രകാരം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4) പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം, DSoR + 10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത്. അതായത് കുറഞ്ഞ തുകയും, പ്രാദേശിക വിപണി നിരക്കുമായി 11,14,21,176.86/-

രൂപയ്ക്ക് മാത്രമേ പ്രസ്തുത ദർഘാസ് അനുവദിക്കാനാകുകയുള്ളു.

5) എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിന് മുമ്പ് പ്രവൃത്തി മൂന്ന് തവണ റീ-ടെൻഡർ ചെയ്തതായും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്തതിന് ശേഷമുള്ള ആദ്യ റീ-ടെൻഡറിൽ ഒരു ഓഫർ മാത്രമേ ലഭിച്ചുള്ളൂവെന്നും ചീഫ് എഞ്ചിനീയർ (എസ്ആർ), കേരള വാട്ടർ അതോറിറ്റി റിപ്പോർട്ട് ചെയ്തു. കൂടാതെ, STC-TA കമ്മിറ്റി മിനിറ്റ്സ് പ്രകാരം ക്വാട്ട് ചെയ്ത തുക ടിപിഎസിയേക്കാൾ 29.69% കൂടുതലാണെന്നും കരാറുകാരൻ തന്റെ ക്വാട്ട് തുക കുറയ്ക്കാൻ തയ്യാറല്ലെന്നും ചൂണ്ടിക്കാട്ടി. എന്നാൽ എസ്റ്റിമേറ്റ് നിരക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ, 6.9 കിലോമീറ്റർ ദൈർഘ്യത്തിൽ മാർക്കറ്റിൽ ഉയർന്ന നിരക്കുള്ള 450 എംഎം ഡിഐ പൈപ്പാണ് ഉയർന്ന ക്വാട്ടിന് കാരണമെന്ന് കമ്മിറ്റി വിലയിരുത്തി. കൂടുതൽ റീ-ടെൻഡർ നടത്തിയാലും മികച്ച ഓഫർ ലഭിക്കാൻ സാധ്യതയില്ലായെന്നും വിലയിരുത്തുകയുണ്ടായി. ഈ സാഹചര്യങ്ങളിൽ, സിംഗിൾ ബിഡറായ ശ്രീ. ബിജു അഗസ്റ്റിൻ, തൊടുപുഴ ക്വാട്ട് ചെയ്ത 13,33,62,974/- രൂപയ്ക്ക് പ്രസ്തുത ടെൻഡർ അനുവദിക്കുന്നത് പരിഗണിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

6) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. അനവധി പ്രാവശ്യം ടെണ്ടർ ചെയ്ത കേസാണിത്. 2022-ൽ ഭരണാനുമതി നൽകിയിട്ടും പദ്ധതി ഇതുവരെ പ്രാവർത്തികമാക്കാനായിട്ടില്ല. ട്രീറ്റ്മെന്റ് പ്ലാന്റ് ഇതിനകം തന്നെ പൂർത്തിയായി വരികയാണ്. ഈ പദ്ധതി കൂടി പൂർത്തിയായില്ലെങ്കിൽ ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കില്ല. ഇനിയും ദീർഘിപ്പിക്കുന്നത് ചെലവ് കൂട്ടാനേ കാരണമാകൂ എന്ന് സർക്കാർ നിരീക്ഷിക്കുകയുണ്ടായി.

7) പ്രസ്തുത സാഹചര്യത്തിൽ CWSS to Chenneerkkara & Omalloor Panchayaths including Supplying and laying 450mm DI K9 Raw water pumping main from Well cum pump houses to WTP, supply & erection of 630 KVA transformer, VT pump sets and Road Restoration എന്ന പ്രവൃത്തിയ്ക്ക് കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. ബിജു അഗസ്റ്റിൻ, കുമ്പുക്കൽ ഹൗസ്, വണ്ണാപുരം പി.ഒ, തൊടുപുഴ 685 607-ന് (Sri. Biju Augustine, Kumbuckal House, Vannapuram P.O, Thodupuzha 685 607) അദ്ദേഹം ക്വാട്ട് ചെയ്ത Tendered PAC-യേക്കാൾ 29.69% അധികരിച്ച തുകയായ 13,33,62,974/- രൂപയ്ക്ക് (പതിമൂന്ന് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി അറുപത്തിരണ്ടായിരത്തി തൊള്ളായിരത്തി എഴുപത്തിനാല് രൂപ മാത്രം) അംഗീകരിക്കുന്നതിനുള്ള അനുമതി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BISHWANATH SINHA

അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരളം, തിരുവനന്തപുരം.
3. പൊതുഭരണ (എസ്.സി) വകുപ്പ് (05.06.2025-ലെ ഇനം നം.3003 പ്രകാരം)
4. ധനകാര്യ വകുപ്പ് (ഫയൽ നം. പി.യു-സി1/259/2024-ഫിൻ)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Khadeeja
Alungal
Date: 10-06-2025 12:45:43

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-06-2025

ഫയൽ നം. ഡബ്ല്യൂ.എസ്.- ബി3/336/2024/ജ.വി.വ. ഇനം നം: 3003

വിഷയം : ജലവിഭവ വകുപ്പ് - കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച CWSS to Chenneerkkara & Omalloor Panchayaths including Supplying and laying 450mm DI K9 Raw water pumping main from Well cum pump house to WTP, supply & erection of 630 KVA transformer, VT pump sets and Road Restoration എന്ന പ്രവൃത്തി സിംഗിൾ ബിഡ്ഡറായ ശ്രീ. ബിജു അഗസ്റ്റിൻ, കുമ്പുക്കൽ ഹൗസ്, വണ്ണാപ്പുറം പി.ഒ., തൊടുപുഴ - 685 607-ന് അദ്ദേഹം ക്വാട്ട് ചെയ്ത TPAC-യെക്കാൾ 29.69% ഉയർന്ന തുകയായ 13,33,62,974/- രൂപയ്ക്ക് (പതിമൂന്ന് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി അറുപത്തിരണ്ടായിരത്തി തൊള്ളായിരത്തി എഴുപത്തി നാല് രൂപ മാത്രം) അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

6/6/25
S.S

ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
JUN 2025

3003

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യൂ.എസ്-ബി3/336/2024-ജവിവ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച CWSS to Chenneerkkara & Omalloor Panchayaths including Supplying and laying 450mm DI K9 Raw water pumping main from Well cum pump houses to WTP, supply & erection of 630 KVA transformer, VT pump sets and Road Restoration എന്ന പ്രവൃത്തി സിംഗിൾ ബിഡ്ഡറായ ശ്രീ. ബിജു അഗസ്റ്റിൻ, കമ്പുക്കൽ ഹൗസ്, വണ്ണാപ്പുറം പി.ഒ, തൊടുപുഴ 685607-ന് അദ്ദേഹം ക്വാട്ട് ചെയ്ത TPAC-യെക്കാൾ 29.69 % ഉയർന്ന തുകയായ 13,33,62,974/- രൂപയ്ക്ക് അനുവദിക്കുന്നത്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 14.05.2025. |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത യുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ള താണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |

| | | | |
|---|---|---|---|
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.സജികുമാർ.ജെ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 21/05/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23/05/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 27/05/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 27/05/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച CWSS to Chenneerkkara & Omalloor Panchayaths including Supplying and laying 450mm DI K9 Raw water pumping main from Well cum pump houses to WTP,. supply & erection of 630 KVA transformer, VT pump sets and Road Restoration എന്ന പ്രവൃത്തി സിംഗിൾ ബിഡ്ഡറായ ശ്രീ. ബിജു അഗസ്റ്റിൻ, കുന്നുക്കൽ ഹൗസ്, വണ്ണാപ്പുറം പി.ഒ, തൊടുപുഴ 685607-ന് അദ്ദേഹം ക്വാട്ട് ചെയ്ത TPAC-യെക്കാൾ 29.69 % ഉയർന്ന തുകയായ 13,33,62,974/- രൂപയ്ക്ക് അനുവദിക്കുന്ന വിഷയമാണ് കുറിപ്പിൽ പരിശോധിക്കുന്നത്.

2) പ്രവൃത്തിയ്ക്കായുള്ള ഭരണാനുമതി 23.02.2022 തീയതിയിലെ G.O (Rt.) 134/2022/WRD പ്രകാരം നൽകി, കൂടാതെ 30.06.2023-ൽ ചീഫ് എഞ്ചിനീയർ (SR) സാങ്കേതിക അനുമതിയും പുറപ്പെടുവിച്ചു. പി.എച്ച് സർക്കിൾ, തിരുവല്ലയിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് 29.07.2023 അവസാന തീയതിയായി, 10,73,89,904/- രൂപ പി.എ.സി-യായി (18% GST ഒഴികെ) പ്രവൃത്തിയ്ക്കുള്ള ടെൻഡർ ക്ഷണിച്ചു. ആരും പങ്കെടുക്കാത്തതിനാൽ ടെൻഡർ റദ്ദാക്കി റീടെൻഡർ ചെയ്തു. ടെൻഡറുകളിൽ ആരും പങ്കെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുകയും പുതുക്കിയ സാങ്കേതിക അനുമതി 30.06.2024 ന് 1262.700 ലക്ഷം രൂപയ്ക്ക് നൽകുകയും ചെയ്തു. തുടർന്ന് ടെണ്ടേർഡ് പി.എ.സി 10,28,30,797/- രൂപയ്ക്ക് (18% ജിഎസ്ടി ഒഴികെ) പി.എച്ച്, സർക്കിൾ, തിരുവല്ലയിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് 20.02.2024 അവസാന തീയതിയായി ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ആരും പങ്കെടുക്കാത്തതിനാൽ ടെൻഡർ റദ്ദാക്കുകയും 06.03.2024 അവസാന തീയതിയായി റീടെൻഡർ ചെയ്യുകയും ,പിന്നീട് 05.08.2024 വരെ നീട്ടുകയും ചെയ്തു..

3) ടെക്നിക്കൽ ബിഡ് 06.08.2024 ന് തുറന്നു. റീ-ടെൻഡർ കോളിന് മറുപടിയായി, ഒരു ബിഡ്ഡർ മാത്രമാണ് ടെൻഡറിൽ പങ്കെടുത്തത്. 13.08.2024 ന് ചേർന്ന പ്രത്യേക സാങ്കേതിക സമിതി, സിംഗിൾ ടെൻഡററായ ശ്രീ. ബിജു അഗസ്റ്റിൻ, കുന്നുക്കൽ ഹൗസ്, വണ്ണാപ്പുറം പി.ഒ, തൊടുപുഴ 685607 നെ പ്രീക്വാളിഫൈ ചെയ്യാൻ തീരുമാനിച്ചു. അതനുസരിച്ച്, പത്തനംതിട്ട പി.എച്ച്. സർക്കിളിലെ സൂപ്രണ്ടിംഗ്

എഞ്ചിനീയർ ബിഡ്ഡറെ പ്രീക്വാളിഫൈ ചെയ്യുകയും, 15.08.2024 ന് സാമ്പത്തിക ബിഡ് തുറക്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Name & Address of the contractor | Tendered PAC ( Rs.) | Quoted amount (Rs. | Quoted rate compared to TPAC |
|---|---|---|---|
| Sri. Biju Augustine, Kumpuckal House, Vannappuram P.O, Thodupuzha- 685607 | 10,28,30,797/- | 13,33,62,973.78/- | 29.69% above–Lone bidder |

4) ടെൻഡറർ ഉയർന്ന തുക ക്വാട്ട് ചെയ്തതിനാൽ, 04.05.2019 തീയതിയിലെ G.O.(P) No. 54/2019/ Fin പ്രകാരം, DSR+10% ടോളറൻസ് പരിധിക്കുള്ളിൽ അല്ലെങ്കിൽ LMR-ൽ ഏതാണോ കുറവ് അതിലേയ്ക്ക് കുറയ്ക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി ടെൻഡറിംഗ് അതോറിറ്റി ചർച്ചകൾ നടത്തി. എന്നാൽ ലേല തുക കുറയ്ക്കാൻ ബിഡ്ഡർ വിസമ്മതം പ്രകടിപ്പിച്ചു. ഏക ബിഡ്ഡറിൽ നിന്ന് ലഭിച്ച തുക 13,33,62,974/- രൂപ TPAC-യേക്കാൾ 29.69% കൂടുതലാണ്. ടെൻഡർ കമ്മിറ്റി ടെൻഡർ വിശകലനം ചെയ്ത് ഇനിപ്പറയുന്നവ നിരീക്ഷിച്ചു.

| Sl. No. | Description | Amount (Rs.) |
|---|---|---|
| 1 | Quoted amount | 13,33,62,973.78/- (29.69% above TPAC) |
| 2 | Current SoR + 10% as per PRICE comparison. | 11,31,29,946.00/- |
| 3 | TPAC based on LMR | 11,14,21,176.86/- |

5) 06.02.2017 തീയതിയിലെ G.O.(P) നമ്പർ 16/2017/Fin പ്രകാരം മുകളിൽ പറഞ്ഞ മൂന്ന് തുകകളിൽ ഏറ്റവും കുറഞ്ഞ തുകയ്ക്ക് ടെൻഡർ അനുവദിക്കാം, അതായത് TPAC based on LMR ആയ 11,14,21,176.86/- രൂപയ്ക്ക് അനുവദിക്കാം.

6) ഭേദഗതി ചെയ്ത ജെജെഎം മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ജെജെഎമ്മിന് കീഴിൽ അനുവദിച്ച എല്ലാ പദ്ധതികളും ചെലവോ സമയനഷ്ടമോ കൂടാതെ നടപ്പിലാക്കേണ്ടതാണ്. അംഗീകൃത ചെലവിനേക്കാൾ കൂടുതൽ ചെലവ് ഉണ്ടായാൽ, അത് ബന്ധപ്പെട്ട സംസ്ഥാനവും നിയമസഭയുള്ള കേന്ദ്രഭരണ

പ്രദേശങ്ങളും വഹിക്കേണ്ടിവരും, കൂടാതെ ജെജെഎമ്മിന് കീഴിൽ ലഭ്യമായ വിഭവങ്ങളിൽ നിന്ന് അധിക ചെലവുകൾ അനുവദിക്കില്ല. നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് തുറന്നതും സുതാര്യവും മത്സരപരവുമായ ലേല പ്രക്രിയയിലൂടെ കണ്ടെത്തുന്ന ചെലവായിരിക്കും ഈ ആവശ്യത്തിനുള്ള അംഗീകൃത ചെലവ്. "ഒരു പ്രോജക്ടിനോ സ്കീമിനോ വേണ്ടിയുള്ള ടെൻഡർ ക്ഷണിച്ചതിന്റെ കണക്കാക്കിയ ചെലവിനേക്കാൾ അംഗീകൃത ചെലവ് കൂടുതലാണെങ്കിൽ, ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന ജല-ശുചിത്വ മിഷന്റെ അപെക്സ് കമ്മിറ്റിയുടെ തലവന്റെ അംഗീകാരം പ്രവൃത്തി നൽകുന്നതിന് മുമ്പ് എടുക്കേണ്ടതാണ്".

7) എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിന് മുമ്പ് പ്രവൃത്തി മൂന്ന് തവണ റീ-ടെൻഡർ ചെയ്തതായും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്തതിന് ശേഷമുള്ള ആദ്യ റീ-ടെൻഡറിൽ ഒരു ഓഫർ മാത്രമേ ലഭിച്ചുള്ളൂവെന്നും ചീഫ് എഞ്ചിനീയർ (എസ്ആർ) റിപ്പോർട്ട് ചെയ്തു. കൂടാതെ, STC-TA കമ്മിറ്റി മിനിറ്റ്സ് പ്രകാരം, ക്വാട്ട് ചെയ്ത തുക ടിപിഎസിയേക്കാൾ 29.69% കൂടുതലാണെന്നും കരാറുകാരൻ തന്റെ ക്വാട്ട് തുക കുറയ്ക്കാൻ തയ്യാറല്ലെന്നും ചൂണ്ടിക്കാട്ടി. എസ്റ്റിമേറ്റ് നിരക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ മാർക്കറ്റിൽ ഉയർന്ന നിരക്കുള്ള 450 എംഎം ഡിഐ പൈപ്പ് 6.9 കിലോമീറ്ററാണ് ഉയർന്ന ക്വാട്ടിന് കാരണമെന്ന് കമ്മിറ്റി വിലയിരുത്തി. കൂടുതൽ റീ-ടെൻഡർ നടത്തിയാലും മികച്ച ഓഫർ ലഭിക്കാൻ സാധ്യതയില്ലായെന്നും അറിയിച്ചു.

8) മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ, ടിപിഎസി- തുകയായ 10,28,30,797/- രൂപയേക്കാൾ 29.69% കൂടുതൽ തുകയായ 13,33,62,974/- രൂപ ക്വാട്ട് ചെയ്ത സിംഗിൾ ബിഡറായ ശ്രീ. ബിജു അഗസ്റ്റിൻ, തൊട്ടുപുഴയ്ക്ക് കരാർ അനുവദിക്കാൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ശിപാർശ ചെയ്തു.

9) **Comparison statement with Quoated amount.**

| **Quoted Amount Rs.** Rs, 13,33,62,974/- | | |
|---|---|---|
| | **Amount** | **Quoted amount Percentage above or below** |
| Tendered PAC | Rs 10,28,30,797/- | 29.69 % above |
| Current DSR+10% | Rs. 11,31,29,946.00 | 17.88 % above |
| Local Market Rate (LMR) | Rs. 11,14,21,176.86 | 19.69 % above |

10) ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

*Administrative Department is informed that in case AD /KWA feel that there will be no change in estimate amount even after reworking the estimate and no scope in getting a better response even on recall of tenders, then the single bidder Sri. Biju Augustine, Thodupuzha at his quoted amount of Rs, 13,33,62,974/- which is 29.69% above PAC of Rs. 10,28,30,797/- may be placed before Council of Ministers for getting approval, with full justification after making an earnest effort to bring down the quoted rate within DSR plus 10 % (as stipulated in GO)*

'This has the approval of Hon'ble Minister (Finance)'.

11) ഫയൽ സമർപ്പിച്ചപ്പോൾ ബഹു.ജലവിഭവ വകുപ്പ് മന്ത്രി താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

"അനവധി പ്രാവശ്യം ടെണ്ടർ ചെയ്ത കേസാണിത്. 2022-ൽ ഭരണാനുമതി നൽകിയിട്ടും ഇതുവരെ പദ്ധതി പ്രാവർത്തികമാക്കാനായിട്ടില്ല. യഥാർത്ഥ മാർക്കറ്റ് റേറ്റുകൂടി ടോളറൻസ് ലിമിറ്റിനേക്കാൾ താഴ്ന്ന നിൽക്കുന്നതിൽ നിന്നും പ്രാവർത്തികമായിട്ടുള്ള മാർക്കറ്റ് റേറ്റ് പ്രൈസ് സംവിധാനത്തിൽ ഉൾപ്പെടാതെ പോകുന്നതിന് ഇതിന് കാരണമാകുന്നുണ്ട്. ട്രീറ്റ്മെൻറ് പ്ലാൻറ് ഇതിനകം തന്നെ പൂർത്തിയായി വരികയാണ്. ഈ പദ്ധതി കൂടി പൂർത്തിയില്ലെങ്കിൽ ജനങ്ങൾക്ക് ഇതിൻറെ പ്രയോജനം ലഭിക്കില്ല. ഇനിയും ദീർഘിപ്പിക്കുന്നത് ചെലവ് കൂട്ടാനേ കാരണമാകൂ എന്നതിനാൽ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കുന്നതിന് ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും"

12) മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച CWSS to Chenneerkkara & Omalloor Panchayaths including Supplying and laying 450mm DI K9 Raw water pumping main from Well cum pump houses to WTP, supply & erection of 630 KVA transformer, VT pump sets and Road Restoration എന്ന പ്രവൃത്തി സിംഗിൾ ബിഡ്ഡറായ ശ്രീ. ബിജു അഗസ്റ്റിൻ, കുമ്പുക്കൽ ഹൗസ്, വണ്ണാപ്പുറം പി.ഒ, തൊടുപുഴ 685607-ന് അദ്ദേഹം ക്വാട്ട് ചെയ്ത TPAC-യെക്കാൾ 29.69 % ഉയർന്ന തുകയായ 13,33,62,974/- രൂപയ്ക്ക് (പതിമൂന്ന് കോടി മുപ്പത്തിമൂന്ന്

ലക്ഷത്തി അറുപത്തിരണ്ടായിരത്തി തൊള്ളായിരത്തി എഴുപത്തി നാല് രൂപ മാത്രം) അനുവദിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുമതി നൽകാമോ?